## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ:639 — 29.06.2015-ൽ മറുപടിയ്ക്ക്

## തൊഴിൽ പരിശീലനപദ്ധതികൾ

**ചോദ്യം**
**ശ്രീ. പി. തിലോത്തമൻ**

**മറുപടി**
**ശ്രീമതി. പി. കെ. ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും സ്വന്തമായി വരുമാനമുണ്ടാക്കുന്നതിനും ഉള്ള പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പട്ടികവർഗ്ഗ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രത്യേക കേന്ദ്ര സഹായ പദ്ധതി പ്രകാരം ലഭിക്കുന്ന തുക വിനിയോഗിച്ച് സ്ത്രീകൾക്ക് പശു, ആട്, കോഴി വളർത്തൽ, തയ്യൽ മെഷീൻ വിതരണം, കമ്പ്യൂട്ടർ പരിശീലനം, ഫാഷൻ ടെക്നോളജി തുടങ്ങിയ നിരവധി സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്തെ തൊഴിൽ രഹിതരായ 500 പട്ടികവർഗ്ഗ യുവതികൾക്ക് സ്ഥിരവരുമാനം ഉറപ്പ് വരുത്തുന്നതിനായി ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം നടത്തി ഓട്ടോറിക്ഷാ വിതരണം ചെയ്യുന്ന ഒറ്റത്തവണ പദ്ധതിയും ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ആലപ്പുഴ ജില്ലയിൽ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ ഏതെല്ലാമാണെന്നും അവിടെ എത്ര പേർക്ക് പരിശീലനം നൽകുന്നുണ്ടെന്നും അറിയിക്കുമോ? | ബി) | ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ ഗവൺമെന്റ് അംഗീകൃത കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കോളേജിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് ഫാഷൻ ടെക്നോളജിയിൽ (ടെയിലറിംഗ്) പരിശീലനം നൽകി വരുന്നു. നിലവിൽ 20 പട്ടികവർഗ്ഗ സ്ത്രീകൾക്ക് ഇവിടെ പരിശീലനം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ